# പതിമൂന്നാം കേരള നിയമസഭ
## ഒൻപതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ : 4170 26/06/2013 ൽ മറുപടിയ്ക്ക്

**<u>പട്ടികജാതി വിദ്യാർത്ഥികൾക്ക് പ്രതിവർഷ സ്കോളർഷിപ്പ്</u>**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. വി.പി. സജീന്ദ്രൻ<br>ശ്രീ. വി.റ്റി. ബൽറാം<br>ശ്രീ. ഡൊമിനിക് പ്രസന്റേഷൻ<br>ശ്രീ. റ്റി. എൻ. പ്രതാപൻ | | ശ്രീ. എ.പി. അനിൽ കുമാർ<br>(പട്ടികജാതി-പിന്നോക്ക സമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പ് മന്ത്രി) | |
| (എ) | ഒൻപത്, പത്ത് ക്ലാസ്സുകളിൽ പഠിയ്ക്കുന്ന പട്ടികജാതി വിദ്യാർത്ഥികൾക്ക് പ്രതിവർഷ സ്കോളർഷിപ്പ് നൽകുന്ന പദ്ധതിയ്ക്ക് തുടക്കം കുറിച്ചിട്ടുണ്ടോ; വിശദമാക്കുമോ ; | (എ) | 2012-13 വർഷത്തിൽ 9, 10 സ്റ്റാന്റേർഡുകളിൽ പഠിയ്ക്കുന്ന പട്ടികജാതി വിദ്യാർത്ഥികൾക്ക് കേന്ദ്ര സഹായത്തോടെ സ്കോളർഷിപ്പ് നൽകുന്ന പദ്ധതിയ്ക്ക് സ.ഉ (എം.എസ്)നം.25/13/ പജപവവിവ. തീയതി 22.03.2013 പ്രകാരം അനുമതി നൽകിയിട്ടുണ്ട്. 29/05/2013 ൽ ടി പദ്ധതിയുടെ സംസ്ഥാനതല ഉദ്ഘാടനം നിർവ്വഹിച്ചിട്ടുണ്ട്. DBTS മുഖേന അവരുടെ ആധാർ ലിങ്ക്ഡ് അക്കൗണ്ടിൽ സ്കോളർഷിപ്പ് തുക അനുവദിച്ച് നൽകുന്നു. |
| (ബി) | പ്രസ്തുത പദ്ധതിയുടെ ഉദ്ദേശ്യ ലക്ഷ്യങ്ങൾ എന്തെല്ലാമാണ്; | (ബി) | സെക്കന്ററി ക്ലാസ്സുകളിൽ നിന്നുള്ള കൊഴിഞ്ഞുപോക്ക് നിയന്ത്രിയ്ക്കുന്നതിന് 9, 10 സ്റ്റാന്റേർഡുകളിൽ പഠിയ്ക്കുന്ന പട്ടികജാതി വിദ്യാർത്ഥികളുടെ രക്ഷിതാക്കൾക്ക് ഒരു സഹായമെന്ന നിലയിലാണ് പ്രസ്തുത സ്കോളർഷിപ്പ് അനുവദിക്കുന്നത്. |
| (സി) | എന്തെല്ലാം കേന്ദ്രസഹായമാണ് ഇതിന് ലഭിക്കുന്നതെന്ന് വിശദമാക്കുമോ; | (സി) | ഈ പദ്ധതി പ്രാകാരം 9, 10 ക്ലാസ്സുകളിൽ പഠിയ്ക്കുന്ന പട്ടികജാതി വിദ്യാർത്ഥികൾക്ക് പ്രതിമാസം 150/- രൂപ day |

| | | | |
|---|---|---|---|
| | | | scholars നം 350/- രൂപ hostellers നം അനുവദിക്കുന്നു. കൂടാതെ പ്രതിവർഷം ബുക്കിനും അഡ്ഹോക്ക് ഗ്രാന്റായും day scholars ന് 750/- രൂപയും hostellers ന് 1000/- രൂപയും അനുവദിക്കുന്നു. |
| (ഡി) | ഇതിനായി സ്വീകരിച്ച നടപടികൾ വിശദമാക്കുമോ ? | (ഡി) | 2012-13 വർഷം DBTS മുഖേന തുക അനുവദിക്കുന്നതിനായി NIC Software വികസിപ്പിച്ചിട്ടുണ്ട്. ടി പദ്ധതി പ്രകാരം 2012-13 വർഷം 104644 വിദ്യാർത്ഥികൾ ഉള്ളതിൽ ഇതുവരെ 82000 വിദ്യാർത്ഥികളുടെ ഡേറ്റാ എൻട്രി അക്ഷയകേന്ദ്രം വഴി ചെയ്തു കഴിഞ്ഞു. ഇതിൽ 41000 വിദ്യാർത്ഥികളുടെ വിവരം SCDO മാർ verify ചെയ്ത് forward ചെയ്തിട്ടുണ്ട്. 29/05/2013 ൽ നടന്ന ടി പദ്ധതിയുടെ സംസ്ഥാനതല ഉദ്ഘാടന ചടങ്ങിൽ DBTS മുഖേന ആധാർ ലിങ്ക്ഡ് അക്കൗണ്ടിലേയ്ക്ക് തുക അനുവദിച്ച് പദ്ധതിയ്ക്ക് തുടക്കം കുറിച്ചിട്ടുണ്ട്. മുഴുവൻ വിദ്യാർത്ഥികൾക്കും ജൂലൈ 31 നകം DBTS മുഖേന തുക വിതരണം ചെയ്യുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ